മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പോലീസിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. പോലീസ് സേനയിൽ വനിതകളുടെ അംഗസംഖ്യ സേനാബലത്തിന്റെ പത്ത് ശതമാനമായി ഉയർത്തും. ഇതിനുവേണ്ടി 3500 പേരെ റിക്രൂട്ടു ചെയ്യാൻ നേരത്തേ തീരുമാനിക്കുകയും അതനുസരിച്ച് നടപടികൾ നടന്നു വരികയുമാണ്. എഴുത്തുപരീക്ഷ നടന്നുകഴിഞ്ഞിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടെ റാങ്ക് ലിസ്റ്റ് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പി.എസ്.സി.യിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്. സബ് ഇൻസ്പെക്ടർമാരുടെ ജനറൽ റിക്രൂട്ടുമെന്റിനോടൊപ്പം നിശ്ചിത അനുപാതത്തിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വനിതാസെൽ, എയർപോർട്ട് സെക്യൂരിറ്റി, എന്നീ വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ സി.ഐ., എസ്.ഐ., എച്ച്.പി.സി., പി.സി. തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതാ സബ് ഇൻസ്പെക്ടറെ നിയോഗിക്കുന്നതിനും അതിനാവശ്യമായ പരിശീലനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(3) കംപ്യൂട്ടർ സെന്ററുകൾ നടത്തുന്ന കോഴ്സുകളുടെ ഗുണനിലവാരം

ശ്രീമതി കെ. കെ. ശൈലജ : സർ, കേരളത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടേയും കംപ്യൂട്ടറിന്റെയും രംഗത്ത് നമുക്ക് ശ്രദ്ധേയമായിട്ടുള്ള കാൽവയ്പുകൾ നടത്തേണ്ടതായിട്ടുണ്ട്. ഇലക്ട്രോണിക് വ്യവസായം, ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായമായി മാറിയിരിക്കുകയാണ്. കേരളത്തിനും ഈ മേഖലയിലേയ്ക്കു കടന്നു ചെല്ലണമെന്ന ആഗ്രഹത്തിന്റെ ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിദഗ്ദ്ധരുമായി നിരവധി തവണ ചർച്ചകൾ നടത്തിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിനുവേണ്ടി അത്തരമൊരു പ്രോജക്ട് രൂപീകരിക്കുന്നതായിട്ടും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, കേരളത്തിൽ, കംപ്യൂട്ടർ രംഗത്തേയ്ക്കുള്ള പുതിയ കാൽവയ്പ് ഒരു വലിയ ദുർവ്യയമായി മാറാതിരിക്കാൻ, ഇന്ന് കേരളത്തിൽ നടക്കുന്ന കംപ്യൂട്ടർ പരിശീലനം അതുപോലെ കംപ്യൂട്ടറുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾ, ആ കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ഏജൻസികൾ കംപ്യൂട്ടർ കോഴ്സുകൾ നടത്തുകയാണ്. കംപ്യൂട്ടർ സെന്ററുകൾ ആരംഭിക്കുകയാണ്. അത്തരം കോഴ്സുകളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒരേ ഗുണനിലവാരമുള്ളതായിരിക്കുകയില്ല. വിവിധ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ജോലിക്ക് ഉപയുക്തമായിട്ടുള്ളതല്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ വിവരസാങ്കേതികവിദ്യയുടെ രംഗത്തും ഗുണനിലവാരമുള്ള കോഴ്സുകളും ഗുണനിലവാരമുള്ള ആളുകളും അതുപോലെ തന്നെ സ്കൂളുകളും വന്നാൽ മാത്രമേ നമ്മുടെ ഉദ്ദേശ്യം പൂർണ്ണമാകുകയുള്ളൂ. ജനകീയാസൂത്രണ പ്രക്രിയ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമാകണമെങ്കിൽ ഈ കംപ്യൂട്ടർ രംഗത്ത് നമുക്ക് മുന്നേറാൻ കഴിയണം. ജനങ്ങൾക്ക് എളുപ്പത്തിൽ വിവരം അറിയുന്നതിനും ഭരണ പ്രക്രിയ നടത്തുന്നതിനും കംപ്യൂട്ടർവൽക്കരണം സഹായകമാകും. അതുപോലെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തും ഇതു സഹായകമാകും. ഇതിനൊരു പ്രത്യേക സംവിധാനമുണ്ടാക്കി കൊണ്ട്, ഒരു പ്രത്യേക സമിതിയുണ്ടാക്കിക്കൊണ്ട് ഇന്നു നടക്കുന്ന എല്ലാ കംപ്യൂട്ടർ കോഴ്സുകളും കംപ്യൂട്ടർ സെന്ററുകളും രജിസ്റ്റർ ചെയ്യാനും ഒരേ ഗുണനിലവാരമുള്ള സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുവാനും അവർക്ക് കേരളത്തിൽത്തന്നെ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ശ്രമിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാനത്തെ സർക്കാർ മേഖലകളിലും സ്വകാര്യ മേഖലകളിലുമായി ധാരാളം കംപ്യൂട്ടർ പരിശീലന സ്ഥാപനങ്ങൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിൽ നടക്കുന്ന വിവിധ കംപ്യൂട്ടർ കോഴ്സുകൾക്ക് ഒരു ഏകീകൃതമായ പാഠ്യക്രമമോ, പരീക്ഷാ സമ്പ്രദായമോ നിലവിലില്ല. ഈ സ്ഥാപനങ്ങളുടെയെല്ലാം പ്രവർത്തനം ഏകോപിപ്പിക്കുവാനും അതിൽക്കൂടി കംപ്യൂട്ടർ വിവരസാങ്കേതിക വിദ്യയിൽ നടത്തുന്ന കോഴ്സുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഐ.ടി. വ്യവസായത്തിന്റെ കൂടി സജീവ പങ്കാളിത്തത്തോടുകൂടി ഒരു പരിശീലന ഏകീകരണത്തിനുള്ള സാദ്ധ്യതയും പരിശോധിച്ച് വരികയാണ്. വിവിധ സ്വകാര്യ കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ നൽകുന്ന കോഴ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും പൊതുവായ ഒരു പരിശോധനാസമ്പ്രദായത്തിന് രൂപംകൊടുക്കുവാനും ഒരേ നിലവാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുവാനും കംപ്യൂട്ടർ വ്യവസായവുമായി യോജിച്ച് പോകുന്ന നടപടികൾക്ക് കഴിയും. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സഹായവും ഇക്കാര്യത്തിൽ ഉറപ്പാക്കുന്നതാണ്.

(4) കണ്ണൂർ ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കുടുംബകോടതി

ശ്രീ. കെ. സുധാകരൻ : സർ, കണ്ണൂർ ജില്ലയുടെ ഹെഡ്ക്വാർട്ടർ ആണ് കണ്ണൂർ. എന്നാൽ കോടതികളുടെ ഹെഡ്ക്വാർട്ടർ തലശ്ശേരിയാണ്. എല്ലാ ജില്ലാ കോടതികളും സബ്കോടതികളും തലശ്ശേരിയിലാണ്. വാസ്തവത്തിൽ ഇൻഡ്യയിൽ ഒരു മുൻസിഫ് കോടതി മാത്രം. ആസ്ഥാനത്ത് നിലനിൽക്കുന്ന ഏക ഹെഡ്ക്വാർട്ടർ കണ്ണൂരാണ്. ഇവിടെയുള്ളത് ഒരു മുൻസിഫ് കോടതിയാണ്. ലേബർ കോർട്ട്, അതുപോലെതന്നെ മറ്റ് ചെറിയ മജിസ്ട്രേട്ട് കോടതിയുമാണ് ആകെയുള്ളത്. ഇപ്പോൾ ഒരു പുതിയ കുടുംബകോടതി കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. കണ്ണൂരിൽ സ്ഥാപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ, ഇതിപ്പോൾ തലശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുവെന്നാണ് കണ്ണൂരിലെ പൊതുപ്രചരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്, അദ്ദേഹം തലശ്ശേരി എം.എൽ.എ.യാണ്. അദ്ദേഹത്തിന് തലശ്ശേരിയോട് കൂറുണ്ടാകും. പക്ഷേ, എങ്കിൽപോലും ഒരമ്മയ്ക്ക് മകനോടുള്ള സ്നേഹം

LIBRARY ARCHIVES Kerala Legislative Assembly